അഡ്വാൻസ്ഡ് ഡയഗ്നോസ്റ്റിക് വാങ്, ഇന്റൻസീവ് കെയർ യൂണിറ്റ്, പോസ്റ്റ് ഓപ്പറേഷൻ വാർഡുകൾ ഇവ സജ്ജീകരിക്കുന്നതിന് ഏകദേശം 20 കോടി രൂപയുടെ ബൃഹത് പദ്ധതി സജീവ പരിഗണനയിലാണ്. ഇക്കാര്യത്തിൽ കാലതാമസം ഒഴിവാക്കുവാൻ പരമാവധി ശ്രമിച്ചുവരുന്നു.

കോട്ടയം മെഡിക്കൽ കോളേജിൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് നിയമിച്ച കുടുംബശ്രീ അംഗങ്ങൾ

7 (6157) ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം മെഡിക്കൽ കോളേജിൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് കുടുംബശ്രീ അംഗങ്ങളെ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) എങ്കിൽ എത്ര പേരെയാണ് ഇങ്ങനെ നിയമിക്കുന്നത് ; അവർക്ക് നൽകുവാനുദ്ദേശിക്കുന്ന ദിവസ വേതനം എത്ര രൂപയാണ് ;

(സി) ശുചീകരണ പ്രവർത്തനങ്ങൾക്ക് ദിവസ വേതനത്തിന് ഇപ്പോൾ താൽക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നുണ്ടോ ; എങ്കിൽ അവർക്ക് നൽകുന്ന ദിവസ വേതനം എത്ര രൂപയാണെന്നറിയിക്കാമോ ;

(ഡി) കുടുംബശ്രീ അംഗങ്ങളെ നിയമിക്കുമ്പോൾ ഇപ്പോൾ ജോലി ചെയ്യുന്നവർക്ക് തൊഴിൽ നഷ്ടപ്പെടുമോ ;

(ഇ) ഉണ്ടെങ്കിൽ വർഷങ്ങളായി തുച്ഛമായ വേതനത്തിന് ശുചീകരണ ജോലികളും നേഴ്സിംഗ് അസിസ്റ്റന്റുമാരുടെ ജോലികളും ചെയ്തു പോന്നിരുന്ന താൽകാലിക ജീവനക്കാർക്ക് തുടർന്നും തൊഴിൽ നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ)-(ഇ) വിവരം ശേഖരിച്ചു വരുന്നു.

ബിരുദാനന്തര പഠനത്തിന് സീറ്റ് സംവരണം

8 (6158) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ രംഗത്ത് ഏതെല്ലാം വിഭാഗത്തിനാണ് ബിരുദാനന്തര പഠനത്തിന് സീറ്റ് സംവരണം ചെയ്തിട്ടുള്ളത് ;

(ബി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനല്ലാതെ മറ്റു പിന്നോക്ക വിഭാഗങ്ങൾക്ക് ആയൂർവേദത്തിന് സീറ്റ് സംവരണം ചെയ്തതായി ഈ വർഷത്തെ പ്രോസ്പെക്ടസിൽ കാണിച്ചിട്ടില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly